**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 55** **23-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായുള്ള വ്യക്തിഗത ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. എ. പ്രഭാകരൻ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി,പട്ടിക ഗോത്രങ്ങളിൽ ഉൾപ്പെട്ടവർക്കുള്ള ക്ഷേമവികസന പദ്ധതികൾ യഥാസമയം അർഹരിലേക്കെത്തുന്നു എന്നുറപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | വകുപ്പിന്റെ വികസന പദ്ധതികൾ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ച് ഉപഭോക്താക്കളെ തെരഞ്ഞെടുത്ത് നടപ്പാക്കി വരുന്നു. ജില്ലാ ഓഫീസർമാർവരെയുള്ള വിവിധ തലങ്ങളിൽ അവലോകന യോഗങ്ങളിൽ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുകയും കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യുന്നു. വകുപ്പിന്റെ ആഭ്യന്തര ഓഡിറ്റ് വിഭാഗം വകുപ്പ് നടപ്പാക്കുന്ന എല്ലാ ക്ഷേമ പദ്ധതികളും വിശദമായി പരിശോധിക്കുകയും ന്യൂനത പരിഹരണം നടത്തുകയും ചെയ്തു വരുന്നു. ഓഡിറ്റ് വിഭാഗം യഥാകാലങ്ങളിൽ സമർപ്പിക്കുന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് ജില്ലാ മോണിറ്ററിംഗ് കമ്മറ്റികൾ നിലവിലുണ്ട്. സംസ്ഥാന തലത്തിൽ ബഹു.മുഖ്യമന്ത്രി, വകുപ്പ മന്ത്രി, ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, വകുപ്പ് ഡയറക്ടർ എന്നിവരുടെ അദ്ധ്യക്ഷതയിലും പദ്ധതികളുടെ പുരോഗതി വിലയിരുത്തി വരുന്നു. സോഷ്യൽ ഓഡിറ്റിംഗിനുള്ള സാദ്ധ്യതയും പരിശോധിച്ചു വരികയാണ്. |
| (ബി) | തിരുവനന്തപുരം നഗരസഭയിൽ പട്ടികജാതിയിൽപ്പെട്ടവർക്കുള്ള വ്യക്തിഗത ആനുകൂല്യം എസ്.സി. പ്രൊമോട്ടർ തട്ടിയെടുത്തതായി പറയപ്പെടുന്ന സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടിയെടുത്തിരുന്നോ; | (ബി) | തിരുവനന്തപുരം നഗരസഭയിൽ നടന്ന സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് പ്രസ്തുത ഓഫീസിലെ സീനിയർ ക്ലർക്ക്മാരായ ശ്രീ.രാഹുൽ ആർ.യു, ശ്രീമതി.പൂർണ്ണിമ ബി.പി. എന്നിവരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. ക്രമക്കേട് നടന്ന കാലയളവിൽ തിരുവനന്തപുരം |

| | | | |
|---|---|---|---|
| | ഇത്തരത്തിലുള്ള കുറ്റക്കാർക്കെതിരെ മാതൃകാപരമായ നിയമനടപടി ഉറപ്പ് വരുത്തുമോ; | | കോർപ്പറേഷനിൽ പട്ടികജാതി വികസന ഓഫീസർമാരായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.എസ്.ആർ.മനോജ്, ശ്രീ.പ്രജിത്ത് ലാൽ എസ്. എന്നിവരെയും അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. ക്രമക്കേടുകളിൽ പങ്കുണ്ടെന്നു കരുതുന്ന 3 എസ്.സി. പ്രൊമോട്ടർമാരെ സേവനത്തിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. സംഭവുമായി ബന്ധപ്പെട്ട് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ടി വിഷയത്തിന്മേൽ സമഗ്രമായ അന്വേഷണം നടത്തുന്നതിനായി വിജി-ഡി4/13/2021/വിജി പ്രകാരം വിജിലൻസ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സംഭവത്തിന്റെ പശ്ചാത്തലത്തിൽ പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കായുള്ള വ്യക്തിഗത ആനുകൂല്യങ്ങൾ അനർഹർ തട്ടിയെടുക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | വകുപ്പുതല ഓഡിറ്റ് പരിശോധനയിലൂടെയും വകുപ്പുതല അന്വേഷണങ്ങളിലൂടെയും പദ്ധതി നിർവ്വഹണത്തിലെ ക്രമക്കേടുകൾ കണ്ടെത്തി കർശനമായ മേൽനടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയർ ദുരുപയോഗ സാധ്യത ഒഴിവാക്കുന്നതിനായുള്ള നടപടികൾ പട്ടികജാതി വികസനവകുപ്പും ധനകാര്യ വകുപ്പും സ്വീകരിച്ചു വരുന്നു. ഓരോ ഉദ്യോഗതലത്തിലും അനുവദിക്കപ്പെട്ടിട്ടുള്ള User ID യും Password ഉം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തന്നെ കൈകാര്യം ചെയ്യേണ്ടതും ആയത് മേലധികാരികൾ പരിശോധിക്കേണ്ടതാണെന്നുമുള്ള കർശന നിർദ്ദേശം വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ